## 29

# ക്രൂശിന്റെ വലിയ വാക്കുകൾ, 2

**2 കൊരിന്ത്യർ 5:17-21**

*"ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു; ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു" (2 കൊരിന്ത്യർ 5:19).*

**"നിരപ്പു"**

രക്ഷ പകരത്താലായിരുന്നു, പകരത്താലാണ്. പകരംവയ്ക്കലിന്റെ ഉദ്ദേശം നിരപ്പാണ്. നമ്മുടെ മനസ്സിലെ നിരപ്പിനെ സംബന്ധിച്ചുള്ള എല്ലാ കാര്യമില്ലാത്ത തോന്നലും മുൻ - വിധികളും നീക്കി കളഞ്ഞു, അങ്ങനെ അതിന്റെ നടത്തിപ്പിൽ നമുക്ക് ആരംഭത്തിൽ നിന്നു തുടങ്ങാം. അതിന്റെ പ്രാധാന്യം നിമിത്തം, നമുക്ക് ആ അവകാശം ലഭിച്ചോ എന്നു തീർച്ചയാക്കാം.

ഇന്നു പാപമോചനം "അകത്ത്" ആണ്. ആഴമായി ചിന്തിക്കാതെ, മാനസാന്തരപ്പെടാതെ അല്ലെങ്കിൽ ദുഃഖിക്കാതെ തന്നെ കുട്ടികളെ "ഞാൻ ക്ഷമ ചോദിക്കുന്നു" എന്നു പറയുവാൻ പഠിപ്പിക്കാറുണ്ട്. ക്ഷമായാചനം "അകത്ത്" ആണ്; ഉത്തരവാദിത്വത്തിന്റെ ഏറ്റു പറച്ചൽ "പുറത്ത്" ആണ്. അഗാധമായ മാനസാന്തരത്തെയാണ് തിരുവെഴുത്തു പഠിപ്പിക്കുന്നത്. "അപ്പോളജെസ്" എന്ന വാക്ക് തിരുവെഴുത്തിൽ പോലും കാണപ്പെടുന്നില്ല.

വളരെ അടുത്ത രണ്ടു സ്നേഹിതന്മാരെ മനസ്സിൽ ചിത്രീകരിക്കയും, പിന്നെ അവരുടെ ബന്ധം ഉലഞ്ഞു പിരിയുന്നതും മനസ്സിൽ കാണുക. അവർക്കു നിരപ്പിലെത്തുവാൻ, അവരുടെ ബന്ധം പൂർവ്വ സ്ഥിതിയിലാക്കേണ്ടതുണ്ട്. യോജിപ്പുണ്ടെങ്കിൽ നഷ്ടപ്പെട്ടവർ കണ്ടെത്തപ്പെടുന്നു, മരിച്ചവർ ജീവിക്കപ്പെടുന്നു, പാപം ക്ഷമിക്കപ്പെടുന്നു. അതെങ്ങനെ സാധിക്കും? ആദ്യമായി, വ്യണപ്പെടുത്തപ്പെട്ടവർ മറ്റെന്തിനേക്കാളും കൂടുതലായി വീണ്ടെടുക്കൽ ആഗ്രഹിക്കണം. രണ്ടാമതു, അപരാധി മറ്റെന്തിനേക്കാളും വീണ്ടെടുക്കൽ ആഗ്രഹിക്കണം. ഇന്നു, സമൂഹം, ഉത്തരവാദിത്വത്തിൽ നിന്നു സ്വതന്ത്രരാകുവാനാണ് ആഗ്രഹിക്കുന്നത്. വീണ്ടെടുക്കലിന് എന്തു വിലയും കൊടുപ്പാൻ *ഇരുവരും* അതായത് അപരാധിയും

വൃണപ്പെടുത്തപ്പെട്ടയാളും തയ്യാറാകണം. ഈ സത്യം നാം ഗ്രഹിക്കണം!

തർക്കം അവസാനിപ്പിച്ചു എങ്കിലും വേറെ കഴിയുന്നു എന്ന അർത്ഥ മല്ല പാപമോചനം. നിരപ്പു ഒരു "ശീതയുദ്ധം" അല്ല. ധാരാളം പാപികൾ നിരപ്പില്ലാത്ത പാപമോചനം ആഗ്രഹിക്കുന്നു. അവർ പുനരേകീകരിക്കു വാനല്ല, ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞു മാറുവാനാണ് ആഗ്രഹി ക്കുന്നത്. പാപമോചനം എന്നാൽ നമുക്ക് യോജിപ്പുണ്ടായി വീണ്ടും ഒരു മിച്ചു പോകാൻ കഴിയും എന്നർത്ഥം.

ഒരർത്ഥത്തിൽ, അപരാധി, വൃണപ്പെടുത്തപ്പെട്ട ആളുടെ കരുണയി ലാണ്. ദൈവം, നമ്മെ തന്നോടു ക്രിസ്തുവിൽ നിരപ്പിച്ചു എന്നാണ് നമ്മുടെ വേദഭാഗം പറയുന്നത്. ദൈവം ലോകത്തെ തന്നോടു നിരപ്പിച്ചു; തന്നെ ലോകത്തോടല്ല ദൈവം നിരപ്പിച്ചത്. ആരാണ് ആദ്യം ചലിച്ചതു? ദൈവം ആണ്! ഞാൻ മാനസാന്തരപ്പെടുന്നതിനു മുൻപു യേശു എനിക്കു വേണ്ടി മരിച്ചു! ഞാൻ ജനിക്കുന്നതിനു മുൻപു തന്നെ ദൈവം എനിക്കു (സുവിശേഷത്താൽ) പാപമോചനം ഒരുക്കി! പാപികൾ തിരിച്ചു വരുവാ നാണ് ദൈവം ആഗ്രഹിക്കുന്നത്! എങ്ങനെയായാലും, പാപികളെ തിരി ച്ചെടുക്കണം എന്നാഗ്രഹിക്കണം. ദൈവം പ്രവർത്തിച്ചില്ലായിരുന്നു എങ്കിൽ മനുഷ്യൻ നിത്യമായി നഷ്ടപ്പെടുമായിരുന്നു. നാം അവന്റെ ശത്രുക്കളായിരുന്നു, എന്നാൽ നമുക്കു നിരപ്പു പ്രാപിക്കാം! ആരാണ് ആദ്യം ഒരുങ്ങിയത്? സ്നേഹം ആദ്യം പ്രതികരിച്ചു!

- വൃണപ്പെടുത്തപ്പെട്ട വ്യക്തിയുടെ കൃപയില്ലാതെ പാപമോചനം അസാധ്യമാണ്.
- അപരാധി മാനസാന്തരപ്പെടാതെ പാപമോചനം അസാധ്യമാണ്.

ക്ഷമിക്കുവാൻ *ഒന്നു* മാത്രം ആവശ്യമാണ്. നിരപ്പാകുവാൻ *രണ്ട്* ആവശ്യമാണ്. സ്വയമായി സഹായിക്കാത്ത മനുഷ്യനെ നമുക്കു സഹാ യിക്കുവാൻ സാധ്യമല്ല. പാപമോചനം ഒരു അസാധാരണ പ്രവൃത്തിയാ ണ്. വൃണപ്പെടുത്തപ്പെട്ട ആൾ വിലകൊടുക്കുവാൻ ആഗ്രഹിക്കുന്നില്ല; അപരാധി മാനസാന്തരപ്പെടുവാനും ആഗ്രഹിക്കുന്നില്ല. എന്നിരുന്നാലും, അവർ നിരപ്പിനു *രണ്ടും* ചെയ്യണം. പാപമോചനം നിരപ്പിലേക്കു നയി ക്കുന്നില്ലെങ്കിൽ, പാപമോചനം പരാജയപ്പെടും.

പാപമോചനം അവസാനമല്ല (നമ്മുടെ സമൂഹം വിചാരിക്കുന്നതുപോലെ); മറിച്ചു, പാപമോചനം ഒരു വഴിയാണ്, നിരപ്പു അവസാനമാണ്. പാപമോചനം വെറുതെ പിഴയിൽ നിന്നു നമ്മെ മുക്തമാക്കുകയല്ല; തകർന്ന ബന്ധത്തെ പുന സ്ഥാപിക്കുവാൻ നമ്മെ അനുവദിക്കുന്നതാണ് പാപമോചനം.

### "പാപമോചനത്തിന്റെ നിയമങ്ങൾ"

ഷേക്സ്പിയർ പറഞ്ഞു, "ആകുക, അല്ലെങ്കിൽ ആകാതിരിക്കുക, അതാണ് ചോദ്യം."[1] തിരുവെഴുത്തു പറയുന്നു, "ക്ഷമിക്കുക, അല്ലെ ങ്കിൽ ക്ഷമിക്കാതിരിക്കുക - അതാണ് പ്രശ്നം." ഞാൻ ക്ഷമിക്കണം. ഞാൻ ക്ഷമിക്കപ്പെടണം. ഇവയാണ് ജീവിതത്തിലെ വലിയ പ്രശ്നങ്ങൾ. എല്ലാവരും നടക്കേണ്ട പാലമാണ് പാപമോചനം. നാം ക്ഷമിക്കുമ്പോൾ

എന്താണ് ചെയ്യുന്നത്? നാം എന്താണ് പാപമോചനം ലഭിക്കുമ്പോൾ ചെയ്യുന്നത്? പൗലൊസ് പറഞ്ഞു, "നിങ്ങൾ തമ്മിൽ ദയയും, മനസ്സലിവുമുള്ളവരായി, ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ, അന്യോന്യം ക്ഷമിപ്പിൻ" (എഫെസ്യർ 4:32). പാപമോചനം ദയയോടെയാണ് ആരംഭിക്കുന്നത്. ആദ്യം ദയവായിരിക്കുക! പിന്നെ പാപമോചന നിയമങ്ങൾ പാലിക്കുക. അവ എന്താണ്?

*ഒന്നാമത്തെ നിയമം:* ക്ഷമിക്കാത്തവർക്കു ക്ഷമിക്കപ്പെടാൻ കഴിയുകയില്ല. മത്തായി 6:12-15; മർക്കൊസ് 11:24-26; ലൂക്കൊസ് 11:4 എന്നിവയിൽ യേശു പഠിപ്പിച്ച പ്രാർത്ഥന വായിക്കുക. (കൂടാതെ നോക്കുക മത്തായി 18:35; ലൂക്കൊസ് 6:37; 2 കൊരിന്ത്യർ 2:7.) വെറുതെ സിദ്ധാന്തം മാത്രം പഠിക്കാതെ - പരിശീലനം ആരംഭിക്കുക! ക്ഷമിക്കുവാൻ പഠിക്കുക എന്നതായിരിക്കണം നമ്മുടെ പ്രധാന ഉദ്ദേശ്യം. ക്ഷമിക്കുവാൻ ആദ്യം മുന്നിട്ടിറങ്ങുക!

*രണ്ടാമത്തെ നിയമം:* ബുദ്ധി സ്ഥിരതയ്ക്കുവേണ്ടി മാത്രം, വൃണപ്പെടുത്തപ്പെട്ടയാൾ ക്ഷമിക്കണം! പാപമോചനം ഇല്ലെങ്കിൽ, ഒരാൾ കൈപ്പു നിറഞ്ഞും, വില കുറഞ്ഞും, കോപിയുമാകും. ഭൂതം ഭാവിയെ വാഴുവാൻ അനുവദിക്കരുത്. പാപമോചനം ഇല്ലെങ്കിൽ, ഒരാൾ ജീവിക്കുന്നതു ബന്ധനത്തിലാണ്. അപരാധി മാനസാന്തരപ്പെടുവാൻ നിങ്ങൾ കാത്തിരുന്നാൽ, നിങ്ങളുടെ ആയുസ്സ് പാഴാക്കുകയായിരിക്കും. ഒരിക്കൽ നിങ്ങൾ ഹൃദയപൂർവ്വം ക്ഷമിച്ചാൽ, കുറ്റം ഒരു പ്രധാനവിഷയമാകാതെ അവസാനിക്കും - അതു അപരാധി മാനസാന്തരപ്പെട്ടാലും ഇല്ലെങ്കിലും.

*മൂന്നാമത്തെ നിയമം:* മാനസാന്തരം ഇല്ലെങ്കിൽ പാപമോചനം അസാധ്യം. മുടിയനായ പുത്രൻ വിദേശത്തായിരുന്നപ്പോഴും അവന്റെ പ്ലെയിറ്റും കസേരയും വീട്ടിൽ ഉണ്ടായിരുന്നു (ലൂക്കൊസ് 15), പക്ഷെ അവനു അതു ഉപയോഗിക്കുവാൻ, മാനസാന്തരപ്പെട്ടു മടങ്ങി വരണം. മുടിയനായ പുത്രൻ വീടു വിട്ടുപോയതു പാപം ചെയ്യുവാനാണ്; ക്ഷമിക്കുവാൻ, അവൻ പാപം ചെയ്യുന്നതു നിർത്തുകയും വീട്ടിലേക്കു മടങ്ങുകയും വേണം (ലൂക്കൊസ് 15:11-24). ദൂരെ ദേശത്തു താമസിച്ചു പാപം ചെയ്തു ജീവിച്ചാൽ നിങ്ങൾക്കു പാപമോചനം ലഭിക്കുകയില്ല. അനർഹമെങ്കിലും നിബന്ധനയോടുകൂടിയ ദൈവത്തിന്റെ പാപമോചനം - ആ പാപമോചനം അവിടെയുണ്ടായിരുന്നു. മുടിയനായ പുത്രനെ പിതാവിനു നിർബ്ബന്ധിച്ചു വീട്ടിലേക്കു മടക്കി വരുത്തുവാൻ കഴിഞ്ഞില്ല. നാം അനുവദിക്കുന്നതുവരെ ദൈവത്തിനു നമ്മെ രക്ഷിപ്പാൻ കഴിയുകയില്ല.

നിരപരാധിക്കു പാപമോചനം ആവശ്യമില്ല; അവർ പ്രതിരോധിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും വേണം. പാപികൾ നിരപരാധികളല്ല. പാപികൾ ഇരകളുമല്ല. നമ്മുടെ പാപത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും നാം ഏല്ക്കണം. കുറ്റം നാം സമ്മതിക്കണം: "ഞാൻ അതു ചെയ്തു." സങ്കീർത്തനങ്ങൾ 51 വായിക്കുക. പിന്നെ നാം മാനസാന്തരപ്പെടണം (മാറണം). ചിലർ പറഞ്ഞേക്കാം, "അതു സാരമില്ല." പാപം, സാരമായതിനെ എതിർക്കുകയും ഒറ്റിക്കൊടുക്കയും ചെയ്യും! പാപികൾ ലംഘനക്കാരാണ്!

പാപത്തെ കൈകാര്യം ചെയ്യണം. പത്രൊസിനെ ഓർക്കുന്നുണ്ടോ? അവനു ഏഴു പ്രാവശ്യം ക്ഷമിക്കുവാൻ മനസ്സുണ്ടായിരുന്നു (മത്തായി

18:21–35). യേശു അതിനെ എഴുപതിരട്ടിയായി ഗുണിക്കുകയായിരുന്നു! അവൻ തന്നെ "ഏഴ്" എന്ന സംഖ്യ ലൂക്കൊസ് 17:3, 4–ൽ ഉപയോഗിച്ചിരുന്നു. പത്രൊസ് ശ്രദ്ധിച്ചിരുന്നു; പക്ഷെ അവൻ ചിന്തിച്ചില്ല, പഠിച്ചില്ല അല്ലെങ്കിൽ പരിശീലിക്കുവാൻ തുടങ്ങിയില്ല. ക്ഷമിക്കുക എന്നതിനോട് മറ്റൊന്നും കൂടുതലോ കുറവോ ആവുകയില്ല (മത്തായി 18:21–35). അതേ സമയം, പാപമോചനം പാപം ചെയ്യുവാനുള്ള ലൈസൻസ് അല്ല (ഗലാത്യർ 6:7).

നിരപ്പു പാപമോചനത്തേക്കാൾ കൂടുതലാണ്. രക്ഷയെ പാപമോചനത്തിലേക്കു ചുരുക്കുക എന്നാൽ അതിന്റെ പൂർണ്ണത എടുത്തു കളയുകയാണ്. പാപത്തിൽ നിന്നു വെറും തിരിയൽ അല്ല മാനസാന്തരം; അതിൽ ദൈവത്തിലേക്കുള്ള തിരിയലും ഉൾപ്പെടുന്നു. മുടിയനായ പുത്രനു ക്ഷമിക്കപ്പെടുവാൻ കഴിയുമായിരുന്നു എങ്കിലും അവൻ അടിമയായി. ദൈവത്തിനു അടിമകളെയല്ല, മക്കളെയാണ് ആവശ്യം (ലൂക്കൊസ് 15). പാപികൾക്കു അവരുടെ നിരപ്പു പൂർണ്ണമാക്കാൻ സാധ്യമല്ല, എന്നാൽ ദൈവം തരുമ്പോൾ അവർക്ക് അതു നിഷേധിക്കാം. "ഞാൻ നിങ്ങളെ വിധിക്കുവാനല്ല വന്നതു" എന്ന എല്ലാവരുടേയും മനോഭാവം തിരുത്തപ്പെടണം! മാനസാന്തരത്തിൽ പാപത്തെ വിധിക്കുന്നതും ഉൾപ്പെടും. പാപത്തെ നാം ദൈവം കാണുന്നതു പോലെ കാണുന്നതുവരെ നാം വിധിയും, മാനസാന്തരവും, പാപമോചനവുമായോ ബന്ധപ്പെടുന്നില്ല. മാനസാന്തരം ഒരിക്കലും പെട്ടെന്നുണ്ടാവുകയില്ല, എന്നാൽ അതു താമസിച്ചു പോകാനിടയുണ്ട്.

*നാലാമത്തെ നിയമം:* പാപമോചനം വേദനയില്ലാത്ത ഭാവിയെ ഉറപ്പു തരുന്നില്ല. പാപം ക്ഷമിക്കപ്പെട്ടാലും അതിന് അനന്തര ഫലങ്ങൾ ഉണ്ടാവും. കാലവും മറവിയും പാപമോചനമല്ല. ദൈവം നമ്മുടെ പാപങ്ങൾ ഇനി ഓർമ്മിക്കയില്ല (യിരെമ്യാവു 31:34; എബ്രായർ 8:12; 10:17), എന്നാൽ അതു "ആത്മിയ വിസ്മൃതി അല്ല." പാപത്തിനു അനന്തര ഫലങ്ങൾ ഉണ്ട്. ഡേവിഡ് രാജാവിന്റെ കുഞ്ഞ് മരിച്ചുപോയി. ക്ഷമിക്കപ്പെട്ട യിസ്രായേലിനെ ശിക്ഷിച്ചു. "പാത്രം കഴുകുന്നതുപോലെ" യിസ്രായേലിനെ ദൈവം തുടച്ചു നീക്കി (എ.ഡി. 70–ൽ). പാപികൾക്ക് ഇപ്പോഴും പേടി സ്വപ്നമുണ്ട്. "എന്റെ പാപം എപ്പോഴും എന്റെ മുൻപിൽ ഇരിക്കുന്നു," ദാവീദ് എഴുതി (സങ്കീർത്തനങ്ങൾ 51:3).

പാപമോചനം ഒരു ദാനമാണ്, കൂടാതെ അതു ഭൂമിയിൽ ഏറ്റവും വിലയുള്ളതാണ് (റോമർ 5:10). പാപമോചനം പോലെയുള്ള ദാനം താഴ്മയോടെ സ്വീകരിക്കയും വലുതായി ആസ്വദിക്കേണ്ടതുമാണ്. നാം നമ്മുടെ പാപമോചനം സ്വീകരിക്കുമ്പോഴാണ് അതിനെ സ്നേഹിക്കുവാൻ കഴിയുന്നതും സ്നേഹിക്കേണ്ടതും (ലൂക്കൊസ് 7:36–50). ക്ഷമിക്കൽ മറക്കൽ അല്ല; അതു എല്ലാം വീണ്ടും തുടങ്ങുക എന്നതാണ്.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]വില്യം ഷേക്സ്പിയർ *ഹാംലെറ്റ്* 3.1.56.


© 2009 Truth for Today